# ജില്ലാ ദുരന്തനിവാരണ അതോറിറ്റി, കോട്ടയം

(ഇ-മെയിൽ: dmdktm1@gmail.com, ഫോൺ നം: 0481 2562201, 0481 2565400)

BE THE WARRIOR

## ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി & ജില്ലാ കളക്ടർ, കോട്ടയത്തിന്റെ നടപടിക്രമം

**(ഹാജർ: ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്)**

**വിഷയം: കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾ - കോട്ടയം ജില്ല സി വിഭാഗത്തിൽ ഉൾപ്പെടുത്തിയതിൻ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് - ഉത്തരവാകുന്നു.**

സൂചന : സ.ഉ. (സാധാ) നം 68/2022/ഡിഎംഡി തീയതി 20.01.2022

**ഉത്തരവ് നമ്പർ ഡി.എം.1 - 2717/2020 തീയതി: 27.01.2022**

സംസ്ഥാനത്ത് കോവിഡ് വൈറസിന്റെ വ്യാപനം അതിരൂക്ഷമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ആശുപത്രികളിൽ അഡ്മിറ്റ് ആകുന്ന കോവിഡ് രോഗികളുടെ എണ്ണം അടിസ്ഥാനമാക്കി ജില്ലകളെ എ,ബി,സി എന്നിങ്ങനെ തരം തിരിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

കോട്ടയം ജില്ലയെ **സി വിഭാഗത്തിൽ** ഉൾപ്പെടുത്തിയ സാഹചര്യത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ലാ കളക്ടറും കൂടിയായ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്. എന്ന ഞാൻ ദുരന്ത നിവാരണ നിയമം 2005 വകുപ്പ് 26 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ടി നിയമം വകുപ്പ് 30, 34 പ്രകാരം ജില്ലയിൽ ചുവടെ ചേർത്തിട്ടുള്ളതിൻ പ്രകാരം കർശന നിയന്ത്രണങ്ങൾഏർപ്പെടുത്തി ഇതിനാൽ ഉത്തവാകുന്നു.

1. രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, മതപരമായ, സാമുദായിക പൊതുപരിപാടികൾ ഉൾപ്പെടെ യാതൊരുവിധ കൂടിച്ചേരലുകളും അനുവദനീയമല്ല. മതപരമായ ആരാധനകൾ ഓൺ ലൈനായി മാത്രം നടത്തേണ്ടതാണ്.
2. വിവാഹം, മരണാന്തര ചടങ്ങുകൾക്ക് പരമാവധി 20 ആളുകൾ മാത്രമെ അനുവദിക്കുകയുള്ളൂ.
3. സിനിമ തീയേറ്ററുകൾ, സ്വിമ്മിംഗ് പൂളുകൾ, ജിമ്മുകൾ എന്നിവയുടെ പ്രവർത്തനം അനുവദിക്കില്ല.
4. ബിരുദ-ബിരുദാനന്തര തലത്തിലെ ഫൈനൽ ഇയർ ക്ലാസുകളും, പത്ത്, പന്ത്രണ്ട് ഒഴികെയുള്ള എല്ലാ ക്ലാസുകളും (ട്യൂഷൻ സെന്റർ ഉൾപ്പെടെ) ഒരാഴ്ച്ചത്തേയ്ക്ക് ഓൺലൈൻ സംവിധാനത്തിലൂടെ മാത്രമെ അനുവദിക്കുകയുള്ളൂ. റസിഡൻഷ്യൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ബയോ ബബിൾ മാതൃകയിൽ പ്രവർത്തിക്കുകയാണെങ്കിൽ ഇത് ബാധകമല്ല.

**ചെയർപേഴ്സൺ,**
**ജില്ലാ ദുരന്തനിവാരണ അതോറിറ്റി &**
**ജില്ലാ കളക്ടർ, കോട്ടയം**

പകർപ്പ്

1. ജില്ലാ പോലീസ് മേധാവി , കോട്ടയം
2. ജില്ലാ മെഡിക്കൽ ഓഫീസർ, കോട്ടയം
3. സബ് കളക്ടർ, കോട്ടയം
4. റവന്യൂ ഡിവിഷണൽ ഓഫീസർ, പാലാ
5. പ്രോജക്ട് ഡയറക്ടർ, പി.എ.യു, കോട്ടയം
6. എല്ലാ ഇൻസിഡന്റ് കമാൻഡർ (തഹസിൽദാർ) മാർക്കും
7. എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും.
8. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് , കോട്ടയം
9. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), കോട്ടയം
10. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോട്ടയം